മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം

110 (3319) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് വല്ല പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ഈ പദ്ധതിയിലേക്ക് മത്സ്യത്തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഇതിനകം ലഭിച്ച അപേക്ഷകൾ എത്രയാണ് ;

(ഇ) എത്ര പേർക്ക് ഉടൻ ഭവന നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയ ഭവന നിർമ്മാണ പദ്ധതിപ്രകാരം ഭവന നിർമ്മാണ ധന സഹായമായി ഈ സാമ്പത്തിക വർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതമായ 6 കോടി രൂപ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി ജില്ലാ ആഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാർ ചെയർമാനായുള്ള ബനിഫിഷ്യറി കമ്മിറ്റികൾ ആണ് 90% ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ശേഷിക്കുന്ന 10% ഗുണഭോക്താക്കളെ സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് നിശ്ചയിക്കുന്നു. 1500 ഗുണഭോക്താക്കളെ ഈ പദ്ധതി പ്രകാരം ഇതിനകം തെരഞ്ഞെടുത്തു. വീടൊന്നിന് 40,000 രൂപ ഗ്രാന്റായി നൽകുന്ന പദ്ധതിയാണിത്. ഇതിനുപുറമേ വീടും കുടിവെള്ളവും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് സഹായമായി ലഭിച്ച 15 കോടി രൂപ ഉപയോഗിച്ച് പുതിയ വീടുകളുടെ നിർമ്മാണം, വീട് അറ്റകുറ്റപ്പണി എന്നിവ ഏറ്റെടുക്കുവാൻ പദ്ധതിയുണ്ട്.

(സി) ഓരോ വർഷവും അനുവദിക്കുന്ന ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഓരോ ജില്ലയിലും അനുവദിക്കുന്ന വീടുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നു. ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി/അസിസ്റ്റന്റ് ഡയറക്ടർമാർ ഭവന നിർമ്മാണ ഗ്രാന്റിനുള്ള അപേക്ഷ ക്ഷണിക്കുന്നു. ലഭിച്ച അപേക്ഷകളിന്മേൽ മത്സ്യഭവൻ ഓഫീസർ മുഖേന അന്വേഷണം നടത്തി യോഗ്യമായ അപേക്ഷകൾ കണ്ടെത്തുന്നു. ഓരോ ജില്ലയ്ക്കും അനുവദിച്ച യൂണിറ്റുകളേക്കാൾ കൂടുതൽ യോഗ്യതയുള്ള അപേക്ഷ ലഭിക്കുകയാണെങ്കിൽ നറുക്കെടുപ്പിലൂടെയാണ് 90% ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ബാക്കി 10% ഗുണഭോക്താക്കളെ ഗവൺമെന്റ് വിവേചനാധികാരം ഉപയോഗിച്ച് നിശ്ചയിക്കുന്നു.

(ഡി) 11171 അപേക്ഷകൾ.

(ഇ) നടപ്പുവർഷം 1500 പേർക്ക് ഭവന നിർമ്മാണ ഗ്രാന്റ് അനുവദിച്ചത് കൂടാതെ അധിക കേന്ദ്ര സഹായം ഉപയോഗിച്ച് 2500 പേർക്കു കൂടി ഉടനെ ഭവന നിർമ്മാണ ഗ്രാന്റ് അനുവദിക്കുന്നതിന് പരിപാടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly